# സർക്കാർ പോളിടെക്നിക് കോളേജ് കാസറഗോഡ്,പെരിയ,671320

നമ്പർ: ബി/2153/2024 തീയ്യതി: 27/09/2024

## അറിയിപ്പ്

(ലാറ്ററൽ എൻട്രി വഴി പോളിടെക്നിക് ഡിപ്ലോമ കോഴ്സ് രണ്ടാം വർഷത്തിലേക്ക് നേരിട്ട് പ്രവേശനം)

കാസർഗോഡ് സർക്കാർ പോളിടെക്നിക് കോളേജ് പെരിയയിലെ എഞ്ചിനീയറിംഗ് ഡിപ്ലോമ കോഴ്സുകളിലെക്ക് ലാറ്ററൽ എൻട്രി വഴി ഇലക്ട്രോണിക്സ് ബ്രാഞ്ചിലെ നിലവിലുള്ള ഒഴിവിലേക്കും ബാക്കിയുള്ള ബ്രാഞ്ചുകളിലെ പ്രതീക്ഷിത ഒഴിവുകളിലേക്കുമുള്ള പ്രവേശനം വിദ്യാർത്ഥികൾ പ്രവേശനത്തിനായി ഹാജരാകുന്ന സമയത്തിനു മുൻഗണന നൽകി **ഒക്ടോബർ 23 വരെ** നടത്തുന്നതാണ്. ലാറ്ററൽ എൻട്രി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരും നിലവിൽ പ്രവേശനം ലഭിച്ച ബ്രാഞ്ച് / സ്ഥാപനം മാറാൻ ആഗ്രഹമുള്ളവർക്കും പുതുതായി അപേക്ഷ സമർപ്പിക്കാൻ ആഗ്രഹിക്കുന്നവർക്കും അഡ്മിഷനിൽ പങ്കെടുക്കാം.

നിലവിലുള്ള ഒഴിവുകളുടെയും മറ്റു വിവരങ്ങൾ അറിയുന്നതിനായി www.polyadmission.org എന്ന വെബ്സൈറ്റിലെ Lateral Entry എന്ന ലിങ്ക് ഉപയോഗിക്കാവുന്നതാണ്.

പ്രവേശനത്തിന് വരുന്നവർ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റിനൊപ്പം SSLC സർട്ടിഫിക്കറ്റ്, ടി.സി, സ്വഭാവ സർട്ടിഫിക്കറ്റ്. എന്നിവ ഹാജരാക്കണം. ജാതി സംവരണത്തിന് അർഹതയുള്ള SC/ST വിഭാഗക്കാർ തഹസിൽദാർ നൽകിയ ജാതി സർട്ടിഫിക്കറ്റും ജാതി സംവരണമുള്ള മറ്റു വിഭാഗക്കാർ SSLC ബുക്കിൽ ജാതി രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ ബന്ധപ്പെട്ട അധികാരി നൽകിയ ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റും/നോൺ ക്രീമിലയർ സർട്ടിഫിക്കറ്റ് (ബാധകമാണെങ്കിൽ മാത്രം), സാമ്പത്തിക സംവരണത്തിനർഹമായ പൊതു വിഭാഗത്തിൽ പെട്ടവർ EWS സർട്ടിഫിക്കറ്റും കൊണ്ടുവരണം. ഒരു ലക്ഷത്തിൽ താഴെ വാർഷിക വരുമാനമുള്ളവർക്ക് ഫീസ് ഇളവ് ലഭിക്കും. അതിനായി ഒരു വർഷത്തിനകം ലഭ്യമായ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കണം. ടി.സി യും സ്വഭാവ സർട്ടിഫിക്കററും ലഭിക്കാത്തവർക്ക് അവ ഹാജരാക്കാൻ സമയം അനുവദിക്കും.

SC/ST വിഭാഗക്കാർ 1000/- രൂപയും ഒരു ലക്ഷത്തിൽ താഴെ വരുമാനമുള്ളവർ 11000/- രൂപയും മറ്റു വിഭാഗക്കാർ 14105/- രൂപയും ഫീസായി കരുതണം. UPI/എ.ടി.എം കാർഡ് മുഖേനയാണ് ഫീസ് നൽകേണ്ടത്. കൂടാതെ പിടിഎ ഫണ്ടായി 3275/-രൂപയും കയ്യിൽ കരുതണം. യോഗ്യത തെളിയിക്കുന്ന എല്ലാ അസ്സൽ സർട്ടിഫിക്കറ്റുകളും അഡ്മിഷൻ സമയത്ത് ഹാജരാക്കണം.

നിലവിൽ പ്രവേശനം ലഭിച്ചവർ ബ്രാഞ്ച് മാറ്റത്തിനോ സ്ഥാപന മാറ്റത്തിനോ പങ്കെടുക്കുന്നെങ്കിൽ ഫീസടച്ച രസീതിയും അഡ്മിഷൻ സ്ലിപ്പും ഹാജരാക്കണം.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടാവുന്ന നമ്പറുകൾ: 0467 2234020, 7561083597, 9446168969

പ്രിൻസിപ്പാൾ

Approval Valid

Digitally Approved By
Narayana Naik P
Date: 27.09.2024

Draft #15 of File B/2153/24/GPC-KSRD Approved by Principal on 27-Sep-2024 12:27 PM - Page 1

Reason: Approved

Draft #15 of File B/2153/24/GPC-KSRD Approved by Principal on 27-Sep-2024 12:27 PM - Page 2

The document is digitally approved. Hence signature is not needed.